# ഭരണഭാഷ - മാതൃഭാഷ

E-mail

അടിയന്തിരം / സമയബന്ധിതം

നമ്പർ. E2/2689/20/GECSKP

Office of the Principal, Govt. Engineering College,
Sreekrishnapuram
Palakkad
തീയതി: 14.06.2020

**ഓഫീസ് ഓർഡർ**

വിഷയം:- സാങ്കേതികം-വിദ്യാഭ്യാസം-സർക്കാർ എഞ്ചിനീയറിങ് കോളേജ്,ശ്രീകൃഷ്ണപുരം -കോവിഡ്-19 - ശ്രീകൃഷ്ണപുരം പഞ്ചായത്ത് കണ്ടയ്മെന്റ് സോണായി പ്രഖ്യാപിച്ചത് ഒഴിവാക്കിയ സാഹചര്യത്തിൽ - പുതുക്കിയ ക്രമീകരണം ഏർപ്പെടുത്തി - ഉത്തരവാകുന്നു

സൂചന:- 1 28/05 /2020 ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 199/2020/ ഉ.വി.വ
2. 07/06/2020 ലെ സർക്കാർ ഉത്തരവ് നമ്പർ (കൈ) 112/2020/ പൊ.ഭ.വ.
3. 09.06.2020 ലെ സർക്കാർ ഉത്തരവ് (സാധാ)നം.750/2020/ഉ.വി.വ.
4 . ഈ ഓഫീസിലെ 12/06/2020 ലെ ഇതേ നമ്പർ ഓഫീസ് ഉത്തരവ്.

ശ്രീകൃഷ്ണപുരം പത്താം വാർഡ് ഒഴികെ പഞ്ചായത്തിലെ മറ്റെല്ലാ പ്രദേശങ്ങളും കണ്ടയ്മെന്റ് സോണായി പ്രഖ്യാപിച്ചത് ഒഴിവാക്കിയുട്ടുണ്ട്.കൂടാതെ പരാമർശം (3) പ്രകാരം കോളേജുകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ക്രമീകരിച്ചും ഉത്തരവായിട്ടുണ്ട്. ആയതിനാൽ അദ്ധ്യാപകരും സാങ്കേതിക വിഭാഗ ജീവനക്കാരും മിനിസ്റ്റീരിയൽ ജീവനക്കാരും 15-06-2020 മുതൽ താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടാതാണ്

1. സാങ്കേതിക വിഭാഗ ജീവനക്കാരും, മിനിസ്റ്റീരിയൽ ജീവനക്കാരും പരാമർശം (2) പ്രകാരം ഇളവുകൾ അനുവദിക്കപ്പെട്ട ജീവനക്കാർ ഒഴികെ മറ്റെല്ലാ ജീവനക്കാരും ജോലിക്ക് ഹാജരാക്കേണ്ടതാണ്.

2. പരാമർശം (1), (2) എന്നീ ഉത്തരവുകൾ പ്രകാരം, വീടുകളിൽ നിന്നും ക്ളാസ്സുകൾ എടുക്കാൻ അനുവദിക്കപ്പെട്ട അധ്യാപകർ ഓൺലൈൻ ക്ളാസ്സുകൾ നടത്തുന്നു എന്ന് എല്ലാ HOD മാരും ഉറപ്പ് വരുത്തേണ്ടതാണ്. ജില്ലകത്തുള്ള അദ്ധ്യാപകർ HOD നിശ്ചയിക്കുന്ന റൊട്ടേഷൻ വ്യവസ്ഥയിൽ കോളേജിൽ ഹാജരാക്കേണ്ടതാണ്. ഇത്തരത്തിലുള്ള റൊട്ടേഷൻ ചാർട്ട് തയ്യാറാക്കി HOD-മാർ അതാത് ജീവനക്കാരെ അറിയിക്കേണ്ടതാണ്.

3 കോളേജിൽ ഹാജരാകുന്ന അദ്ധ്യാപകർ 1.30 പി.എം വരെ ടൈം ടേബിൾ പ്രകാരം അദ്ധ്യാപനം നടത്തേണ്ടതും ബാക്കി സമയം പരാമർശം (3) ഇൽ പറയും പ്രകാരം വിനിയോഗിക്കേണ്ടതുമാണ്.

പരാമർശം (4) പ്രകാരമുള്ള ഓഫീസ് ഉത്തരവ് ഇതോട് കൂടി റദ്ദാക്കുന്നു,

ഡോ. മധുസൂദനൻ എം ആർ
പ്രിൻസിപ്പൾ

സ്വീകർത്താവ്

1.എല്ലാ ഓഫീസ് / അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർക്കും. (ഇ -മെയിൽ മുഖാന്തരം)
2 . എല്ലാ HOD മാർക്കും (ഇ -മെയിൽ മുഖാന്തരം)

പകർപ്പ്

1. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അകൌണ്ട്സ് ഓഫീസർ/ സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട്/ചീഫ് അകൌണ്ടന്റ്/ കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ്/കോൺഫിഡെൻഷ്യൽ അസിസ്റ്റന്റ് ടു പ്രിൻസിപ്പാൾ/ പ്രിൻസിപ്പാൾ ടേബിൾ.
2. വെബ് അഡ്മിനിസ്റ്ററേറ്റർ (കോളേജ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

Draft #27 of File E2/2689/20/GECSKP Approved by Principal on 14-Jun-2020 08:07 PM - Page 1